## പതിമൂന്നാം കേരളനിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.278 — 09.06.2014 ന് മറുപടിയ്ക്ക്.

## കല്പറ്റ വനാതിർത്തി ഭാഗങ്ങളിലുള്ള കാട്ടാനശല്യം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.വി.ശ്രേയാംസ് കുമാർ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പുമന്ത്രി) |
| (എ) കല്പറ്റ നിയോജക മണ്ഡലത്തിലെ വനാതിർത്തി ഭാഗങ്ങളിലുള്ള കാട്ടാന ശല്യം പരിഹരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ; | (എ) കല്പറ്റ നിയോജകമണ്ഡലത്തിലെ വനാതിർത്തി ഭാഗങ്ങളിൽ അനുഭവപ്പെടുന്ന രൂക്ഷമായ കാട്ടാന ശല്യം പരിഹരിക്കുന്നതിനായി സൗരോർജ്ജ കമ്പിവേലി നിർമ്മാണം, നിലവിലുള്ള സൗരോർജ്ജ വേലിയുടെ പരിപാലനം, സൗരോർജ്ജ വിളക്കുകൾ സ്ഥാപിക്കൽ, കൃഷിയിടങ്ങളിലെത്തുന്ന കാട്ടാനകളെ തുരത്തുന്നതിനായി വാച്ചർമാരെ നിയോഗിക്കൽ, ട്രെഞ്ച് നിർമ്മാണം, വനത്തിൽ മുളത്തൈകൾ വച്ചു പിടിപ്പിക്കൽ, ചെക്ക്ഡാമുകളുടെ നിർമ്മാണം എന്നീ പരിഹാര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ വന്യമൃഗങ്ങളുടെ ആക്രമണം മൂലം കൃഷിനാശം സംഭവിക്കുന്ന കർഷകർക്ക് 2013-14 സാമ്പത്തിക വർഷത്തിൽ കല്പറ്റ റെയിഞ്ചിൽ 8,65,310/- രൂപയും, മേപ്പാടി റെയിഞ്ചിൽ 8,45,695/- രൂപയും ഉൾപ്പെടെ കല്പറ്റ നിയോജക മണ്ഡലത്തിൽ ആകെ 17,11,005 രൂപ നഷ്ടപരിഹാരം നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) പ്രസ്തുത വിഷയം സംബന്ധിച്ച് 26.07.2013-ൽ വയനാട് ജില്ലാ കളക്ടർ വിളിച്ചു ചേർത്ത യോഗത്തിന്റെ തീരുമാനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (ബി) 26.07.2013-ൽ വയനാട് ജില്ലാ കളക്ടർ വിളിച്ചുചേർത്ത യോഗത്തിൽ ആനപ്രതിരോധ മതിൽ നിർമ്മിക്കുക, സൗരോർജ്ജ കമ്പിവേലി കളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുക, നിലവിലുള്ള ട്രെഞ്ചുകളുടെ അറ്റകുറ്റ പണികളും പുതിയ ട്രഞ്ചുകളുടെ നിർമ്മാണവും NREGA പദ്ധതിയിൽ ഉൾപ്പെടുത്തി നിർവ്വഹിക്കുക, രാത്രികാല പട്രോളിംഗ് ശക്തമാക്കുക, ജനവാസ കേന്ദ്രങ്ങളിൽ ഇറങ്ങുന്ന ആനകളെ |

ഉറപ്പുവരുത്തുന്നതിനായി പ്രത്യേകം വാച്ചർമാരെ നിയമിക്കുക, തെരുവുവിളക്കുകൾ പ്രവർത്തന ക്ഷമമാക്കുക, കാട്ടാനകൾക്ക് വനത്തിനകത്ത് തന്നെ ഭക്ഷണവും, ജലവും ഉറപ്പു വരുത്തുക, കൃഷിനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം വിതരണം ചെയ്യുക എന്നീ തീരുമാനങ്ങളാണ് കൈക്കൊണ്ടിട്ടുള്ളത്.

(സി) യോഗതീരുമാനപ്രകാരം മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) കല്പറ്റ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പരിഹാര പ്രവർത്തനങ്ങൾ ഉത്തരം (എ)യിൽ നൽകിയിട്ടുണ്ട്.

(ഡി) ഇനിയും ഏതെല്ലാം പ്രവൃത്തികൾ നടപ്പാക്കാനുണ്ടെന്ന് വ്യക്തമാക്കുമോ?

(ഡി) ഇനി നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

1) തരിയോടും സമീപപ്രദേശങ്ങളിലും വനാതിർത്തികളിൽ 600 മീറ്റർ കൻമതിൽ നിർമ്മാണം.

2) കല്പറ്റ റെയിഞ്ചിൽ 15.6 കിലോമീറ്റർ നീളത്തിൽ സൗരോർജ്ജ കമ്പിവേലി നിർമ്മാണം.

3) മേപ്പാടി റെയിഞ്ചിൽ 15 കിലോമീറ്റർ നീളത്തിൽ സൗരോർജ്ജ കമ്പിവേലി നിർമ്മാണം.

Ajithkumar B

സെക്ഷൻ ഓഫീസർ.